# ആരോഗ്യ പരിപാലന മേഖലയിൽ കേന്ദ്ര സർക്കാർ കൂടുതൽ പണം മുടക്കും

ചെന്നൈ: ആരോഗ്യപരിപാലന മേഖലയിൽ ഗുണനിലവാരമേറിയ സേവനം താങ്ങാനാവുന്ന വിലയിൽ ലഭ്യമാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് കേന്ദ്ര ആരോഗ്യവകുപ്പ് അഡീഷണൽ സെക്രട്ടറി കേശവ് ദേശിരാജു പറഞ്ഞു. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ആരോഗ്യ പരിപാലന മേഖലയ്ക്കുള്ള വിഹിതം മൂന്നിരട്ടിയായാണ് വർധിപ്പിച്ചിരിക്കുന്നത്. മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 2.5 ശതമാനം വരുന്ന തുകയാണ് ഇതിനായി നീക്കിവെച്ചിട്ടുള്ളത്. കഴിഞ്ഞ പഞ്ചവത്സര പദ്ധതിയിൽ ഇത് 0.9 ശതമാനം മാത്രമായിരുന്നു. വെള്ളിയാഴ്ച ചെന്നൈയിൽ ഇൻഡോ ബ്രിട്ടീഷ് ഹെൽത്ത് ഇനിഷ്യേറ്റീവിന്റെ ആഭിമുഖ്യത്തിലുള്ള പ്രമേഹ ഉച്ചകോടിയിൽ മുഖ്യാതിഥിയായി സംസാരിക്കവെയാണ് കേശവ് ദേശിരാജു ഇക്കാര്യം വ്യക്തമാക്കിയത്.

ആരോഗ്യ പരിപാലന മേഖലയിൽ ബ്രിട്ടീഷ് സർക്കാറുമായി ഉടനെ തന്നെ ഇന്ത്യ ധാരണാപത്രം ഒപ്പുവെക്കുന്നുണ്ടെന്ന് കേശവ് പറഞ്ഞു. ബ്രിട്ടീഷ് പ്രധാനമന്ത്രിയുടെ ഇന്ത്യാസന്ദർശന വേളയിലായിരിക്കും ഇത് നടക്കുക. പ്രാഥമികാരോഗ്യ പരിപാലനം, മെഡിക്കൽ ഗവേഷണം തുടങ്ങിയ തുറകളിൽ ഇരുരാജ്യങ്ങൾക്കും സംയുക്തമായി പല പദ്ധതികളും നടപ്പാക്കാനാവും.

ഗ്രാമീണ മേഖലയിൽ ആവശ്യത്തിന് വിദഗ്ധരെ ലഭ്യമല്ലാത്തത് ആരോഗ്യ പരിപാലനത്തെ ബാധിക്കുന്നുണ്ടെന്ന് കേശവ് പറഞ്ഞു. സ്വകാര്യ മേഖലയുടെ സഹകരണത്തോടെ നികത്തിയെടുക്കാനാണ് സർക്കാർ ആലോചിക്കുന്നത്.

ഇന്ത്യയിലെ ആരോഗ്യ പരിപാലന മേഖലയിൽ നിന്നും ബ്രിട്ടന് പലതും പഠിക്കാനുണ്ടെന്ന് പ്രമേഹ ഉച്ചകോടി ഉദ്ഘാടനം ചെയ്ത ബ്രിട്ടീഷ് ആരോഗ്യമന്ത്രി അന്ന സൊബ്രി പറഞ്ഞു. പ്രാഥമിക ആരോഗ്യ പരിപാലനത്തിൽ ബ്രിട്ടന് വലിയ അനുഭവസമ്പത്തുണ്ട്. ഈ മേഖലയിൽ ഇന്ത്യയെ സഹായിക്കാൻ ബ്രിട്ടനാവും. ബ്രിട്ടനിൽ ആരോഗ്യപരിപാലനം പൊതു ഉടമസ്ഥതയിലാണെന്നും പൊതുജനങ്ങളുടെ നികുതിപ്പണമുപയോഗിച്ച് സൗജന്യമായാണ് ചികിത്സ നൽകുന്നതെന്നും അന്ന പറഞ്ഞു.

ആരോഗ്യ പരിപാലന മേഖലയിലെ മാറ്റങ്ങൾ പഠിക്കുന്നതിലൂടെ ഇരു രാജ്യങ്ങൾക്കും ഏറെ മുന്നോട്ടുപോവാനാവുമെന്നും അന്ന സൊബ്രി അഭിപ്രായപ്പെട്ടു. അടുത്ത അഞ്ച് വർഷക്കാലയളവിൽ ആരോഗ്യ പരിപാലന മേഖലയിൽ ബ്രിട്ടൻ കൂടുതൽ പണം ചെലവഴിക്കും.




ചെന്നൈയിൽ വെള്ളിയാഴ്ച തുടങ്ങിയ പ്രമേഹ ഉച്ചകോടിയുടെ ഉദ്ഘാടനച്ചടങ്ങിൽ നിന്ന്. ബ്രിട്ടീഷ് ആരോഗ്യമന്ത്രി അന്ന സൊബ്രി . കേന്ദ്ര ആരോഗ്യവകുപ്പ് അഡീഷണൽ സെക്രട്ടറി കേശവ് ദേശിരാജു തുടങ്ങിയവരെ കാണാം

പ്രമേഹം പോലുള്ള അസുഖങ്ങൾ നേരിടുന്നതിന് ലോകാരോഗ്യ സംഘടന കൂടുതൽ പണം വകയിരുത്തേണ്ടതായുണ്ടെന്ന് പ്രൊഫസർ ആൻഡ്രൂ ബോൾട്ടൻ പറഞ്ഞു. വികസിത രാജ്യങ്ങളിൽ 60 വയസ്സിനു മുകളിലുള്ളവർക്കാണ് പ്രമേഹം കൂടുതലായും കണ്ടു വരുന്നതെന്നും എന്നാൽ വികസ്വര രാഷ്ട്രങ്ങളിൽ പ്രമേഹ ബാധിതരായ ചെറുപ്പക്കാരുടെ എണ്ണം കൂടുന്നുണ്ടെന്നും ബോൾട്ടൻ പറഞ്ഞു. അമേരിക്കയുടെ സാമ്പത്തിക ഉപരോധം മൂലം ഫാസ്റ്റ് ഫുഡ് റെസ്റ്റോറന്റുകളും കോളക്കമ്പനികളും ശാഖകൾ തുറക്കാതിരുന്നതാവാം ക്യൂബയിൽ പ്രമേഹ ബാധിതരുടെ എണ്ണം കുറയാനുള്ള ഒരു കാരണമെന്നും അദ്ദേഹം പറഞ്ഞു.

പ്രമേഹ ചികിത്സാ മേഖലയിൽ ഇരുരാജ്യങ്ങളിൽ നിന്നുമുള്ള കോർപ്പറേറ്റുകളുടെ സംരംഭങ്ങൾ സാധ്യമാക്കുന്നതിനുള്ള പരിസരമൊരുക്കാൻ ഐ.ബി.എച്ച്.ഐ. ശ്രമിക്കുമെന്ന് ചെന്നൈ ബ്രിട്ടീഷ് ഡെപ്യൂട്ടി ഹൈക്കമ്മീഷണർ മൈക്ക് നിഥവ്രിയാനകിസ് പറഞ്ഞു.

ഉച്ച കോടിയിൽ പങ്കെടുക്കുന്നതിനും തമിഴ്നാട്ടിലെ ആരോഗ്യമേഖലയിൽ പുതുസംരംഭങ്ങൾക്കുള്ള സാധ്യതകൾ ആരായുന്നതിനുമായി 55 അംഗ പ്രതിനിധി സംഘവും മന്ത്രിക്കൊപ്പം ചെന്നൈയിലെത്തിയിട്ടുണ്ട്. ഇന്ത്യയിലെ പ്രാഥമിക ആരോഗ്യ കേന്ദ്ര മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വിപുലമാക്കാൻ കൂടുതൽ നിക്ഷേപമുണ്ടാകേണ്ടതുണ്ട്. ഇതിനുള്ള വഴിയൊരുക്കുന്നതിനും ഉച്ചകോടി സഹായിക്കുമെന്ന് ഐ.ബി.എച്ച്.ഐ.സ്ഥാപക സെക്രട്ടറി ഡോ പൃഥ്വി മോഹൻദാസ് പറഞ്ഞു.

ഇന്ത്യയിൽ പ്രമേഹ രോഗികളുടെ എണ്ണം ക്രമാതീതമായി വർധിക്കുകയാണെന്നും ഭാവിയിൽ ഗ്രാമീണമേഖലയിൽ നിന്നുള്ള സാധാരണക്കാരായിരിക്കും പ്രമേഹത്തിന് കൂടുതലായി കീഴ്പ്പെടുകയെന്ന് പ്രമുഖ പ്രമേഹ രോഗ ചികിത്സാ വിദഗ്ധനായ ഡോ വി. മോഹൻ പറഞ്ഞു. ഐ.സി.എം.ആറിന്റെ സഹകരണത്തോടെ ഡോ മോഹൻസ് ഡയബെറ്റിസ് സ്പെഷ്യാലിറ്റീസ് സെന്റർ നടത്തിക്കൊണ്ടിരിക്കുന്ന രാജ്യാന്തര സർവെ പ്രകാരം നിലവിൽ 6.3 കോടി പ്രമേഹ രോഗികൾ ഇന്ത്യയിലുണ്ടെന്നാണ് കണക്കാക്കുന്നത്. 2030 ആകുമ്പോഴേക്കും ഇത് പത്ത് കോടി കടക്കുമെന്നാണ് കണക്കാക്കുന്നത്.